പത്രക്കുറിപ്പ്
30/09/2020

**കോവിഡ് -19 അക്കാഡമി; കുടുംബശ്രീ അംഗങ്ങൾക്ക്**
**ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക പരിശീലനത്തിന് തുടക്കം**

---

തിരുവനന്തപുരം : കോവിഡ്-19 ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ അതോറിറ്റി (നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി- എൻഡിഎംഎ) കുടുംബശ്രീ ഉദ്യോഗസ്ഥർക്കും ഭാരവാഹികൾക്കുമായി സംഘടിപ്പിക്കുന്ന കോവിഡ്-19 അക്കാഡമി പരിശീലന ത്തിന് ഔദ്യോഗിക തുടക്കമായി. ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങ ളിലും കോവിഡ്-19 പ്രതിരോധ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് എൻഡിഎംഎ ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനമായ സ്പിയർ ഇന്ത്യ (Sphere India) മുഖേന ഓൺലൈനായാണ് 11 ദിവസം നീളുന്ന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

സിവിൽ ഡിഫൻസ് വോളന്റിയേഴ്സ്, സന്നദ്ധ സംഘടനാ വോളന്റിയേഴ്സ് തുടങ്ങിയവർക്ക് കോവിഡ്- 19 ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിശീലനം സ്പിയർ ഇന്ത്യ ദേശീയതലത്തിൽ നൽകിവരുന്നുണ്ട്. ഇതിനൊപ്പമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യുമായി സഹകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മികച്ച പങ്കുവഹിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാർ, പ്രോഗ്രാം മാനേജർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ, സിഡിഎസ്, എഡിഎസ്, അയൽക്കൂട്ട ഭാരവാഹികൾ, അക്കൗണ്ടന്റുമാർ, കമ്മ്യൂണിറ്റി കൗൺസിലർമാർ, കാസ്, ട്രെയിനിങ് ടീം അംഗങ്ങൾ, ട്രൈബൽ ആനിമേറ്റർമാർ, കോസ്റ്റൽ വോളന്റിയർമാർ എന്നിവരെ ഉൾപ്പെടുത്തി ഈ ക്ലാസ്സുകൾ സംഘടി പ്പിച്ചിരിക്കുന്നത്. ഫീൽഡ് തലത്തിൽ പരിചയ സമ്പത്തുള്ളവർക്ക് കോവിഡ്-19 ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ കൂടുതൽ ശാസ്ത്രീയമായ പരിശീലനം നൽകുകയാണ് കോവിഡ് 19 അക്കാഡമി മൂലം ലക്ഷ്യമിട്ടിരിക്കുന്നത്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സ്പിയർ ഇന്ത്യയും സംയുക്തമായി നടത്തുന്ന കേരളത്തിലെ കോവിഡ് - 19 അക്കാഡമി പരിശീലനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇന്നലെ (29/09/2020) നടന്ന ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് ഓൺലൈനായി നിർവ്വഹിച്ചു. ഒക്ടോബർ 21 വരെയുള്ള 11 ദിവസങ്ങളിലായി സംഘടിപ്പി ക്കുന്ന പരിശീലനത്തിൽ റിസ്ക് കമ്മ്യൂണിക്കേഷൻ, കോവിഡ് 19 പ്രതിരോധ പ്രവർത്ത നങ്ങളിലെ മുൻനിര പ്രവർത്തകരുടെ പരിരക്ഷ, ജെൻഡർ- ജെൻഡർ മെയിൻ സ്ട്രീം ആൻഡ് അഡ്രസ്സിങ് ജെൻഡർ ബേസ്ഡ് വയലൻസ് ഇൻ ഹ്യുമാനിറ്റേറിയൻ ആക്ഷൻ, മാനസിക ആരോഗ്യവും കോവിഡ് കാലത്തെ സാമൂഹ്യ മാനസിക പ്രശ്നങ്ങളും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീ സംഘടനാ സംവിധാനം ഉൾപ്പെടെയുള്ള സിബിഒ-യുടെ പങ്കും ചുമതലകളും, ദുരന്ത നിവാരണ പ്ലാൻ (സംസ്ഥാന-ജില്ലാ- തദ്ദേശ സ്വയംഭരണം) സംസ്ഥാന നയം, സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം, സുസ്ഥിര വികസന ലക്ഷ്യം, കാലാവസ്ഥാ വ്യതിയാനം, സെൻഡൈ (Sendai) ഫ്രെയിം വർക്ക് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ, ഡിസബിലിറ്റി ഇൻക്ലൂസീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നീ വിഷയങ്ങളിൽ പ്രഗത്ഭർ ക്ലാസ്സുകൾ നയിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ